**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കോഴിക്കോട് നഗരസഭാ പരിധിയിൽ വെച്ച് ഇ.കെ നായനാർ ചാരിറ്റബിൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ കാലിക്കറ്റ് എക്സ്പോ -2017 എന്ന പേരിൽ നടത്തപ്പെടുന്ന അഖിലേന്ത്യാ പ്രദർശനത്തെ 2017 മെയ് 31 വരെ വിനോദനികുതിയിൽ നിന്നും ഒഴിവാക്കൽ - ഭേദഗതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ. (സാധാ) നം.1591/2017/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി, 16/05/2017.

പരാമർശം: 1. 18.03.2017 ലെ സ.ഉ(സാ.ധാ) 760/2017 നമ്പർ സർക്കാർ ഉത്തരവ്.
2. കോഴിക്കോട് നഗരസഭാ സെക്രട്ടറിയുടെ 11.05.2017 ലെ A36/768/2017 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് നഗരസഭാ പരിധിയിൽ വെച്ച് ഇ .കെ നായനാർ ചാരിറ്റബിൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ 2017 മാർച്ച് 31 മുതൽ 45 ദിവസം കാലിക്കറ്റ് എക്സ്പോ -2017 എന്ന പേരിൽ നടത്തപ്പെട്ട അഖിലേന്ത്യാ പ്രദർശനത്തെ പരാമർശം ഒന്ന് പ്രകാരം വിനോദനികുതിയിൽ നിന്നും ഒഴിവാക്കി ഉത്തരവായിരുന്നു. 2017 മെയ് 31 വരെ വിനോദനികുതി ഇളവ് നീട്ടി നൽകണമെന്ന് പരാമർശം രണ്ട് പ്രകാരം അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ കാലിക്കറ്റ് എക്സ്പോ -2017 എന്ന പരിപാടിക്ക് അനുവദിച്ച വിനോദ നികുതി ഇളവ് 2017 മെയ് 31 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു. ടി ഭേദഗതിയോടെ പരാമർശം ഒന്ന് പ്രകാരമുള്ള ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എൻ വിശ്രുതൻ ആചാരി
ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, കോഴിക്കോട് നഗരസഭ, കോഴിക്കോട് ജില്ല
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ എ.ജി. (എൽ.ബി.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ എ.ജി. (എ & ഇ), കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ